**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3354** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയിലൂടെ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സ്വന്തമായി വീടും ഭൂമിയും ഇല്ലാത്തവർക്കായി കോഴിക്കോട് ജില്ലയിൽ എത്ര ഫ്ലാറ്റ് സമുച്ചയങ്ങളാണ് ലൈഫ് മിഷൻ പദ്ധതിയിലൂടെ നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ഭൂരഹിത ഭവന രഹിതർക്കായി ഭരണാനുമതി ലഭ്യമായ 10 ഭവന സമുച്ചയങ്ങളാണ് കോഴിക്കോട് ജില്ലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്നത്. |
| (ബി) | നിലവിൽ ഏതൊക്കെ ഫ്ലാറ്റുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കാമോ ; | (ബി) | ചാത്തമംഗലം, മാവൂർ, പുതുപ്പാടി, നടുവണ്ണൂർ സ്ഥലങ്ങളിൽ ഭവന സമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| (സി) | ബാലുശ്ശേരിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫ്ലാറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോയെന്ന് വ്യക്തമാക്കാമോ? | (സി) | ലൈഫ് പദ്ധതി പ്രകാരം സമുച്ചയ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ സ്ഥലങ്ങളിൽ ബാലുശ്ശേരി ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | | | |
|---|---|---|---|
| കോഴിക്കോട് | ചാത്തമംഗലം | എൽജിഎസ്എഫ്, പിഇബി ടെക്നോളജി എന്നിവ ഉപയോഗിച്ച് ലൈഫ് ടവർ (42 യൂണിറ്റുകൾ), ജി + 3 നിലകളുടെ രൂപകൽപ്പനയും നിർമ്മാണവും | എൽ.ജി.എസ്.എഫ് അസംബ്ലി വർക്ക് പുരോഗമിച്ചുവരുന്നു. |
| | മാവൂർ | എൽജിഎസ്എഫ്, പിഇബി ടെക്നോളജി എന്നിവ ഉപയോഗിച്ച് ലൈഫ് ടവർ (44 യൂണിറ്റുകൾ), ജി + 3 നിലകളുടെ രൂപകൽപ്പനയും നിർമ്മാണവും | ഭവന നിർമ്മാണ പെർമിറ്റിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | പുതുപ്പാടി | എൽജിഎസ്എഫ്, പിഇബി ടെക്നോളജി എന്നിവ ഉപയോഗിച്ച് ലൈഫ് ടവർ (44 യൂണിറ്റുകൾ), ജി + 3 നിലകളുടെ രൂപകൽപ്പനയും നിർമ്മാണവും | ഭവന നിർമ്മാണ പെർമിറ്റിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | നടുവണ്ണൂർ | എൽജിഎസ്എഫ്, പിഇബി ടെക്നോളജി എന്നിവ ഉപയോഗിച്ച് ലൈഫ് ടവർ (72 യൂണിറ്റുകൾ), ജി + 3 (2 ബ്ലോക്ക്) നിലകളുടെ രൂപകൽപ്പനയും നിർമ്മാണവും | എർത്ത് വർക്ക് പുരോഗമിച്ചു വരുന്നു. |

Reeny

**സെക്ഷൻ ഓഫീസർ**